**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 904** **10-08-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2023-24 വർഷത്തേക്ക് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് 2023-24 വർഷത്തെ 1/3കോർപ്പസ് ഫണ്ട് സ്പിൽ ഓവർ പദ്ധതിയുടെ ഭരണാനുമതി ഉത്തരവ് ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 2023-24 വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്താനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു .<br><br>പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2023-24 വർഷം നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. സംരക്ഷണ ഭിത്തി നിർമ്മാണം -<br><br>1 ഗുണഭോക്താവ്,<br><br>തുക - 1,68,500/-<br><br>2. ശുചിത്വ കക്കൂസ് നിർമ്മാണം -<br><br>1 ഗുണഭോക്താവ്<br><br>തുക - 30,000/- |
| (ബി) | 2022-23-ലെ എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയ മുല്ലപ്പള്ളിത്തടം എസ്.സി. കോളനി റോഡ് നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | 2022-23 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്ന മുല്ലപ്പള്ളിത്തടം പട്ടികജാതി കോളനിയുടെ റോഡ് നവീകരണ പ്രവർത്തികൾ 8,29,809/- (എട്ട് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി ഒൻപത് രൂപ മാത്രം) രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ